ആന്റ് റഗുലേഷൻ ബിൽ എന്നപേരിൽ ഒരു കരട് ബിൽ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ബില്ലിന്റെ വിവിധ വശങ്ങൾ പരിശോധിക്കവേ, സ്വകാര്യ ആശുപത്രികൾ, നഴ്സിംഗ് ഹോമുകൾ ഇവയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ട് സംസ്ഥാനങ്ങളിൽ നടപ്പാക്കുന്നതിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആന്റ് ഫാമിലി വെൽഫയർ തയ്യാറാക്കിയ കരട് ബിൽ സംസ്ഥാനത്തിന്റെ അഭിപ്രായത്തിനായി കേന്ദ്രസർക്കാർ അയച്ചുതരികയുണ്ടായി. ഈ ബില്ലിന്റെ വിശദാംശങ്ങൾ പരിശോധനയിലാണ്.

23 (*472) ഗ്രാമീണ സ്പോർട്സ് വികസനത്തിന് പദ്ധതി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ സ്പോർട്സ് വികസനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) കളരിപ്പയറ്റ് തുടങ്ങിയ ആയോധന കായികരംഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(സി) പഞ്ചായത്തുതോറും സ്പോർട്സ് ക്ളബ്ബുകൾ രൂപീകരിച്ച് പ്രത്യേക ടീമുകളെ വാർത്തെടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) ഇതിനുവേണ്ടി കായികരംഗത്ത് പ്രത്യേക പരിശീലനം നൽകുന്നതിന് ആവശ്യമായ സഹായം നൽകുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

(എ) ഉണ്ട്. ഓപ്പറേഷൻ ഒളിമ്പ്യാ പദ്ധതി.

(ബി) ഉണ്ട്. കളരിപ്പയറ്റ് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ജില്ലകൾതോറും മാർഷ്യൽ ആർട്സ് സെന്റർ എന്ന ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം ഇത്തരം മൂന്ന് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട് നടപ്പു സാമ്പത്തിക വർഷം അഞ്ചു സെന്ററുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

കൂടാതെ കേരള സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഫെൻസിംഗ് എന്ന ഇനത്തിലും പരിശീലനം നൽകിവരുന്നു.

(സി) പഞ്ചായത്തുകളാണ് ഇതിനു മുൻകൈ എടുക്കേണ്ടത്.

(ഡി) ജില്ലാ സ്പോർട്സ് കൗൺസിലുകളിലുള്ള കായികപരിശീലകരുടെ സേവനം ലഭ്യതയ്ക്കുവിധേയമായി സ്പോർട്സ്ക്ലബ്ബുകൾക്കും ലഭിക്കുന്നുണ്ട്.

24 (*473) സോഫ്റ്റ്വെയർ, ഹാർഡ്വെയർ പരിശീലനം

ശ്രീ. കെ. ബാബു :
ഡോ. എം.എ കുട്ടപ്പൻ :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് സോഫ്റ്റ്വെയർ, ഹാർഡ്വെയർ പരിശീലനം നൽകാൻ ഗവൺമെന്റിന് എന്തെല്ലാം പദ്ധതികളുണ്ടെന്ന് അറിയിക്കുമോ;

(ബി) സ്വകാര്യമേഖലയിൽഇതിനുള്ള സൗകര്യങ്ങൾ എന്തെല്ലാമാണ്;

(സി) വിവര സാങ്കേതികവിദ്യയെ അടിസ്ഥാനമാക്കിയുള്ള എന്തെല്ലാം വ്യവസായങ്ങൾ സംസ്ഥാനത്ത് സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

(ഡി) ഈ വ്യവസായത്തിൽ എത്രപേർ ഏർപ്പെട്ടിട്ടുണ്ട്;

(ഇ) ഈ വ്യവസായത്തിന് ഗവൺമെന്റ് എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ട്?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ.നായനാർ) :

(എ) സംസ്ഥാനത്ത് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഇഞ്ചിനിയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും ഹാർഡ്വെയർ, സോഫ്റ്റ്വെയർ മേഖലകളിൽ ബി-ടെക് എം.സി.എ, ഡിപ്ലോമ കോഴ്സുകൾവഴി 3665 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നു. കൂടാതെ തുടർവിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ഹ്രസ്വകാല കോഴ്സുകളും നടത്തി വരുന്നു. ഈ മേഖലയിലെ ഉന്നത വിദ്യാഭ്യാസം ലക്ഷ്യമാക്കി ടെക്നോപാർക്ക് കാമ്പസിൽ സിറ്റ്മ സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു ഐ.എച്ച്.ആർ.ഡി. യുടെ നിയന്ത്രണത്തിലുള്ള മേഖലാ കേന്ദ്രങ്ങൾ, അപ്ലൈഡ് സയൻസ് കോളേജുകൾ, മോഡൽ പോളിടെക്നിക്കുകൾ എന്നിവയിലായി പ്രതിവർഷം 3000 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാനുള്ള സൗകര്യം ഉണ്ട്. ഐ.എച്ച്. ആർ.ഡി. യുടെ കീഴിലുള്ള 9 ഇഞ്ചിനിയറിംഗ് കോളേജുകളിൽ കൂടി പ്രതിവർഷം 360 വിദ്യാർത്ഥികൾക്ക് ബിരുദ കോഴ്സുകൾക്ക് പ്രവേശനം നൽകാൻ സൗകര്യമുണ്ട്. ഇതു കൂടാതെ എൽ.ബി.എസ്, ഐ.എം.ജി, കെൽട്രോൺ എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ വഴിയും സോഫ്റ്റ്വെയർ, ഹാർഡ്വെയർ, കോഴ്സുകൾ നടത്താനുള്ള സൗകര്യം ലഭ്യമാണ്.

(ബി) സ്വകാര്യ മേഖലയിൽ സോഫ്റ്റ്വെയർ, ഹാർഡ്വെയർ മേഖലകളിൽ പരിശീലനം നൽകുന്ന നിരവധി സ്ഥാപനങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

(സി) സോഫ്റ്റ്വെയർ ഡെവലപ്മെന്റ് യൂണിറ്റുകൾ, കമ്പ്യൂട്ടർ അസംബ്ലിംഗ് യൂണിറ്റുകൾ, ഡി.റ്റി.പി. സെന്ററുകൾ, ഇന്റർനെറ്റ് കിയോസ്കുകൾ, മെഡിക്കൽ ട്രാൻസിക്രിപ്ഷൻ യൂണിറ്റുകൾ തുടങ്ങിയവയാണ് ഈ സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള വിവര സാങ്കേതികതയെ അടിസ്ഥാനമാക്കിയുള്ള വ്യവസായ സ്ഥാപനങ്ങൾ.

(ഡി) ഏകദേശം അയ്യായിരത്തോളം പേർക്ക് നേരിട്ടും പരോക്ഷമായും തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) സ്ഥിരനിക്ഷേപത്തിന്റെ 20% പരമാവധി 25 ലക്ഷം രൂപ വരെ സബ്സിഡി, ക്യാപ്റ്റീവ് ജനറേറ്റർ സെറ്റിനു നിക്ഷേപത്തിന്റെ 50% പരമാവധി 10 ലക്ഷം രൂപ നിക്ഷേപ സബ്സിഡി, നിലവിലുള്ള വ്യവസായങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിനും അതിനുവേണ്ട സ്ഥിരനിക്ഷേപത്തിന്റെ 2% അല്ലെങ്കിൽ പരമാവധി 25 ലക്ഷം രൂപ നിക്ഷേപ സബ്സിഡി, വിവരസാങ്കേതികവിദ്യ അധിഷ്ഠിതമായ വ്യവസായ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന കെട്ടിട

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾക്ക് ഒരു സ്കയർ മീറ്ററിന് 5000 രൂപ എന്ന തോതിൽ കണക്കാക്കി അതി നർഹമായ സബ്സിഡിയും നൽകി വരുന്നു.

25 (*474) വികലാംഗ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

ശ്രീ. കെ. പി.എ മജീദ് :
ശ്രീ. പി.കെ. അബ്ദു റബ്ബ് :
ശ്രീ. എ.വി. അബ്ദു റഹിമാൻ ഹാജി :
ശ്രീ. എം.കെ മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997 ജനുവരി ഒന്നു മുതൽ 1998 ആഗസ്റ്റ് 14 വരെ സർവ്വീസിലു ണ്ടായിരുന്ന വികലാംഗരെ സ്ഥിരപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവി റക്കിയിട്ടുണ്ടോ; ഇതിനുള്ള മാനദണ്ഡം വിശദീകരിക്കുമോ;

(ബി) ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ;

(സി) ഈ ഉത്തരവിനെതിരെയുള്ള സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനു വേണ്ടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും എന്തെല്ലാം നടപടികൾ കൈക്കൊ ണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സർക്കാർ ഉത്തരവ് പ്രകാരം മേൽ കാലയളവിൽ ഒന്നിലധികം സ്ഥാപനങ്ങളിൽ ജോലി ചെയ്തിട്ടുള്ളവർക്ക് അവസാനം ജോലി ചെയ്ത സ്ഥാപനത്തിൽ തന്നെ സ്ഥിരനിയമനം നൽകണം എന്ന് വ്യവസ്ഥ ചെയ്തി ട്ടുണ്ടോ;

(ഇ) മേൽ കാലയളവിൽ സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ ജോലി ലഭിച്ചവർക്ക് ആ ജോലി തന്നെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) ഇതിനായി ഉത്തരവിൽ വേണ്ട ഭേദഗതി വരുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ.നായനാർ) :

(എ) ഉണ്ട്. ഈ കാലയളവിൽ താല്ക്കാലിക നിയമനം ലഭിച്ച വിക ലാംഗ ജീവനക്കാരെ റഗുലറൈസ് ചെയ്യുന്നതിനുള്ള മാനദണ്ഡം ഇപ്രകാരമാ ണ്.

(1) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കെ.എസ്.ആന്റ് എസ്. എസ്. റൂൾസിലെ റൂൾ 9 (എ) (1) പ്രകാരം നിയമിതരായവരായിരിക്കണം.

(2) ഇപ്രകാരം നിയമിതരായവർ 1-1-97 നും 14-8-98 നും ഇടയി ലുള്ള കാലയളവിൽ ഏതെങ്കിലും ഒരു ദിവസമെങ്കിലും സർവ്വീസിൽ ഉണ്ടായി രുന്നിരിക്കണം.

(3) റഗുലർ നിയമനം നൽകേണ്ടത് അതേ വകുപ്പിലും അതേ തസ്തികയിലുമായിരിക്കണം.

(4) പ്രസ്തുത കാലഘട്ടത്തിൽ ഒന്നിൽ കൂടുതൽ വകുപ്പുക ളിൽ/സ്ഥാപങ്ങളിൽ ജോലി നോക്കിയിട്ടുണ്ടെങ്കിൽ അവസാനം ജോലി നോക്കിയ വകുപ്പിൽ/സ്ഥാപനത്തിലായിരിക്കണം റഗുലർ നിയമനം നൽകേണ്ടത്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly